# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.lfa.kerala.gov.in

## ചോറോട് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018 - 2019

## കേരള സംസ്ഥാന ഓഡിറ്റ്

## കോഴിക്കോട് ജില്ലാ

## ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ.കെകെഡി.പി.15/1599/2019 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജോയിന്റ് ഡയറക്ടറുടെ

കാര്യാലയം

കോഴിക്കോട് ജില്ല

തീയതി.18.09.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചോറോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചോറോട് ഗ്രാമപഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം .കെഎസ്എ കെകെഡി/ പി15/1599/2019 തിയ്യതി:18.09.2019

# കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2018- 19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1-4-2018 മുതൽ 31-3-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എം. വാസുദേവൻ | |
| | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26-7-2018 മുതൽ 8-8-2019വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ഗിരീശൻ പാറപ്പൊയിൽ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജയകുമാർ പാലോളി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ലതീഷ് കുമാർ കെ കെ | സീ.ഗ്രേ.ഓഡിറ്റർ |
| | ശ്രീ.സാജിദ് ടി വി | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | നളിനി കെ കെ | 1-42018മുതൽ 16-2-2019വരെ |
| | വിജില അമ്പലത്തിൽ | 11-3-2019 മുതൽ 31-3-2019വരെ |
| സെക്രട്ടറി | ദിനേശൻ കെ കെ | 1-4-2018 മുതൽ 31-5-2018വരെ |
| | അബ്ദുൾ ലത്തീഫ് ഏ വി | 1-6-2018മുതൽ 9-7-2018 വരെ |

| | | |
|---|---|---|
| | അനിൽ കുമാർ നൊച്ചിയിൽ | 9-7-2018മുതൽ 31-3-2019 വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | നീതു പ്രഭാകർ<br>സന്ധ്യ പി ടി | 1-4-2018മുതൽ 3-9-18വരെ<br>3-9-2018 മുതൽ 31-3-19വരെ |
| വെറ്റിനറി സർജൻ | ഡോ.അബ്ദുൾ ജലീൽ | 1-4-2018മുതൽ 31-3-2019വരെ |
| മെഡി.ഓഫീസർ(PHC) | ഡോ.ഡെയ്സി | 1-04-2018 മുതൽ 31-03-2019 വരെ |
| അസി.എഞ്ചിനീയർ | സിമി ഭാസ്കർ<br>സുനിത പി കെ | 1-4-2018മുതൽ 27-7-2018 വരെ<br>28-7-2018മുതൽ 31-3-2019 വരെ |
| ICDS സൂപ്പർവൈസർ | പുഷ്പലത പി<br>ലിമിന എം ടി | 1-4-2018മുതൽ 6-7-2018 വരെ<br>7-7-2018മുതൽ 31-3-2019 വരെ |
| ഫിഷറീസ് ഓഫീസർ | ബാബു | 1-4-2018 മുതൽ 31-3-2019 വരെ |
| ഹെഡ് മാസ്ററർ | ജയചന്ദ്രൻ | 1-4-2018 മുതൽ 31-3-2019വരെ |
| അസി.സെക്രട്ടറി | ഗോപിനാഥൻ പി.<br>പ്രിയ വി | 1-4-2018മുതൽ 31-7-2018 വരെ<br>1-8-2018 മുതൽ 31-3-2019 വരെ |
| വി ഇ ഒ | വിപിൻ ദാസ് പി വി<br>സുനീഷ് ടി വി | 1-04-18 മുതൽ 1-01-19 വരെ<br>1-04-18 മുതൽ 31-3-2019 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീജിത്ത് പി | 26-9-2018 മുതൽ 31-3-2019വരെ |
| | | |

<u>**ഉള്ളടക്കം**</u>


| ക്രമ നം. | ഖണ്ഡിക നമ്പർ | ഭാഗം 1 |
|---|---|---|
| 1 | 1-1 | ആഭ്യന്തരനിയന്ത്രണ സംവിധാനം – പോരായ്മകൾ പരിഹരിക്കേണ്ടതാണ് |
| 2 | 1-2 | വസ്തു നികുതി – നികുതി ഒടുക്കേണ്ട എല്ലാ കെട്ടിടങ്ങളും ഡിമാന്റിൽ ഉൾപ്പെട്ടോയെന്ന് ഉറപ്പ് വരുത്തിയിട്ടില്ല. |
| 3 | 1-3 | തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പ് വരുത്തിയിട്ടില്ല. |
| 4 | 1-4 | ലൈസൻസ് – അപാകതകൾ |
| 5 | 1-5 | റോഡ് പ്രവൃത്തികൾ മോർഡ് സ്പെസിഫിക്കേഷൻ – ഓവർ ഹെഡ്സ് ചാർജ്ജ് നൽകുന്നത് അനർഹമായ നിരക്കിൽ |
| 6 | 1-6 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് തുക വകയിരുത്താത്തതിനാൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിട്ട, കുട്ടികൾക്ക് അർഹമായ സഹായം നൽകാൻ കഴിഞ്ഞില്ല. |
| 7 | 1-7 | റാണി സ്കൂൾ മാലിന്യപ്രശ്നം സംബന്ധിച്ച് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നടപ്പിലാക്കിയില്ല. |
| | | |

| | | |
|---|---|---|
| 8 | 1-8 | കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 9 | 1-9 | ഭവനവായ്പ പദ്ധതി പലിശയിനത്തിൽ വലിയ തുക അടവാക്കുന്നത് മൂലം തനത് ഫണ്ട് കുറഞ്ഞ് വരുന്നു. |
| 10 | 1-10 | മുഴുവൻ തുകയ്ക്കും ഫോമുകൾ രജിസ്റ്ററുകളും ലഭ്യമാക്കിയില്ല. |
| 11 | 1-11 | ബാലസഭ പ്രവർത്തനം – അനുവദനീയമായതിലും കൂടുതൽ തുക ചെലവഴിച്ചു. |
| 12 | 1-12 | മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റ് വിതരണം ചെയ്യൽ – പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 13 | 1-13 | പദ്ധതി രൂപീകരണത്തിലെ അപാകത കാരണം മാലിന്യ സംസ്കരണ പ്രൊജക്ടുകൾ നടപ്പാക്കാൻ കഴിഞ്ഞില്ല. |
| 14 | 1-14 | പഞ്ചായത്ത് റോഡിന് കുറുകെയുള്ള അനധികൃത പാലം – തുടർ നടപടികൾ സ്വീകരിച്ചില്ല. |
| 15 | 1-15 | വാർഷിക കണക്കിലെ അപാകതകൾ |
| | ഭാഗം 2 | ഇല്ല |
| | ഭാഗം 3 | ഇല്ല. |
| | ഭാഗം 4 | |
| 1 | 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 2 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച് ഫണ്ട് വിനിയോഗം |
| 3 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 5 | 4-5 | വായ്പ/വായ്പാ തിരിച്ചടവ് |
| 6 | 4-6 | സ്ഥിരനിക്ഷേപം |
| 7 | 4-7 | ഓഡിറ്റ് റിക്കവറി |
| 8 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 9 | 4-9 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം |
| 10 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 11 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 12 | അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

# 1-1 ആഭ്യന്തര നിയന്ത്രണ സംവിധാനം - പോരായ്മകൾ പരിഹരിക്കേണ്ടതാണ്

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ നിന്നും ബോധ്യപ്പെടുന്നു. കണക്ക സൂക്ഷിപ്പ്, വരുമാനം

കണക്കാക്കലും പിരിച്ചെടുക്കലും,ചെലവുകൾ വഹിക്കുന്ന രീതി, പ്രവർത്തനങ്ങളുടെ സ്ഥാപന തല വിലയിരുത്തൽ എന്നീ തലങ്ങളിൽ പോരായ്മകൾ നിലനില്ക്കുന്നുണ്ട്. സ്ഥാപനത്തിന്റെ വരുമാനത്തെയും, നിയമപരമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിലെ കാര്യക്ഷമതയെയും പ്രതികൂലമായി ബാധിക്കുന്ന പോരായ്മകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

1. ഔട്ട് ഡോർ കളക്ഷൻ നടത്തിവരുന്ന ജീവനക്കാരുടെ രശീതി പിരിവ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ട ഉത്തരവാദിത്തം ഓഫീസ് ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ടിന്റേതാണ്. എന്നാൽ നിലവിൽ ഈ ഉത്തരവാദിത്തം സീനിയർ ക്ലാർക്ക് ഉൾപ്പെടെയുള്ളവരാണ് നിർവ്വഹിക്കുന്നത്. പിരിച്ചുകൊണ്ടു വരുന്ന തുക അതേ ദിവസം ഒടുക്കാതെ അടുത്തദിവസം അടവാക്കുന്നുവെന്ന സന്ദർഭങ്ങൾ ഉണ്ടാകുന്നുണ്ടെന്ന കാര്യം ഇവിടെ പ്രാധാന്യമർഹിക്കുന്നു.

2. കെട്ടിടനിർമ്മാണം, കച്ചവടം തുടങ്ങി വിവിധ മേഖലകളിലെ നിയമപരമായ നിയന്ത്രണ സംവിധാനമായി പ്രവർത്തിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന്റെ കാര്യത്തിൽ ,കെട്ടിട നിർമ്മാണ പെർമിറ്റ് നല്കുന്നത് പെർമിറ്റ് രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും പെർമിറ്റ് പ്രകാരമുള്ള കെട്ടിടങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നുണ്ടോ,അല്ലാത്തപക്ഷം പുതുക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നില്ല. (കെട്ടിടങ്ങളുടെ പൂർത്തീകരണം പെർമിറ്റ് രജിസ്റ്ററിൽ അടുത്തകാലത്തായി മാത്രമാണ് രേഖപ്പെടുത്തി വരുന്നതെന്നത് ഇത് വ്യക്തമാക്കുന്നു) അനധികൃതനിർമ്മാണമുണ്ടായിരിക്കാനുള്ള വലിയ സാധ്യത ഇതുമൂലം ഉണ്ടെന്നിരിക്കെ സ്ഥാപനത്തിൽ സൂക്ഷിക്കുന്ന അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിൽ രണ്ട് കെട്ടിടങ്ങളുടെ വിവരം മാത്രമാണുള്ളത്. നിയന്ത്രണത്തിലെ വീഴ്ചയ്ക്കൊപ്പം വരുമാനചോർച്ചയ്ക്കും ഇത് ഇടയാക്കുന്നു.

D&O ലൈസൻസിന്റെ കാര്യത്തിൽ ഓഡിറ്റ് വർഷത്തിൽ ഫീസിനത്തിൽ 75450/- രൂപയും അടുത്ത വർഷത്തെ മുൻകൂർ വരവായി 161150/- രൂപയുമാണ് വന്നിരിക്കുന്നത്. 2017-18 വർഷത്തിൽ മുൻകൂർ വരവ് 159450/- രൂപയാണ്. ഇതിൽ നിന്നും നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ (മേൽ ലൈസൻസിന്റെ കാര്യത്തിൽ പുതുതായി എടുക്കുന്നതും പുതുക്കുന്നതും ഒരു മാസം മുമ്പേയായിരിക്കണം. അതായത് പുതുക്കുന്നവയുടെ കാര്യത്തിൽ ഫെബ്രുവരി മാസത്തിനുള്ളിൽ ഫീസ് അടച്ച് അപേക്ഷ സമർപ്പിച്ചിരിക്കണം) ലൈസൻസ് പുതുക്കാതെയാണ് മൂന്നിലൊരു ഭാഗം സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതെന്ന് കാണാം.

ഫീൽഡ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയ എല്ലാ മേഖലകളിലെയും നിയമലംഘനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം നിർണ്ണയിച്ച് കൊടുത്തെങ്കിലും ഇവ പാലിക്കപ്പെടുന്നുണ്ടോയെന്ന് മേൽനോട്ടം നടത്താത്തതാണ് മേൽ അപാകതയ്ക്കുള്ള ഒരു പ്രധാന കാരണം.

3. സർക്കാർ ,അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ടെയിഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. ഇത് നികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് കാരണമാകുന്നു

4. നികുതികൾ, നികുതിയേതിര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനം നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്. (വിശദാംശം വിവിധ എൻക്വയറികളിൽ സൂചിപ്പിച്ചത് കാണുക)

5. സ്ഥാപനത്തിന്റെ ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്റർ കൈകാര്യം ചെയ്യുന്നതും നികുതി നിർണ്ണയം നടത്തുന്നതും നികുതി നിർണ്ണയ വിഭാഗം തന്നെയാണ്. പൂർത്തീകരിച്ച കെട്ടിടങ്ങളുെല്ലാം തന്നെ നികുതിനിർണ്ണയിക്കപ്പെട്ടവയാണ് എന്ന ഉറപ്പ് വരുത്തുകയെന്ന രജിസ്റ്ററിന്റെ ഒരു പ്രധാന ഉദ്ദേശ്യം ഇതുമൂലം സാധ്യമാകുന്നില്ല. നിർമ്മാണപൂർത്തികരണം ഉറപ്പുവരുത്തുന്ന വിഭാഗം തന്നെ രജിസ്റ്റർ സൂക്ഷിച്ചാൽ മാത്രമാണ് ഇത് സാധ്യമാകുക

6. വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തെയും വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റായി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ഇത് മൂലം മിസ്സിംഗ് വൗച്ചർ ,ക്യാൻസൽ ചെയ്ത വൗച്ചർ എന്നിവയുണ്ടോയെന്ന് പ്രത്യക്ഷത്തിൽ ശ്രദ്ധയിൽ പെടുന്നില്ല.

8. യാത്രാബത്തയുടെ കാര്യത്തിൽ ജീവനക്കാരുടെ യാത്രാബത്ത അനുവദിക്കുന്നത് അവരിൽ നിന്നും ക്ലെയിം (യാത്രാ ഡയറി) വാങ്ങാതെയാണ്.മൂവ് മെന്റ് രജിസ്റ്റർ അടിസ്ഥാനപ്പെടുത്തിയാണ് തുക നിശ്ചയിക്കുന്നതെന്നാണ് സ്ഥാപനം ഇക്കാര്യത്തിൽ നല്കിയ വിശദീകരണം.ഒരു ക്ലെയിം ഇല്ലാതെ തുക ചെലവഴിക്കുന്ന സ്ഥിതിവിശേഷം ഇതുമൂലമുണ്ടായി

9. ഫർണ്ണിച്ചർ ഉൾപ്പടെയുള്ള ആസ്തികൾക്ക് കോഡ് നമ്പറുകൾ നല്കുകയോ ആസ്തികൾ വർഷാന്ത്യത്തിലെങ്കിലും ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുകയോ ചെയ്യുന്നില്ല.കൂടാതെ വർഷാവർഷം വാങ്ങുന്ന ജംഗമ ആസ്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നുമില്ല.ആസ്തികൾ നഷ്ടപ്പെട്ടു പോകാൻ ഇത് ഇടയാക്കാം.

10. വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. എന്നാൽ മറ്റെല്ലാ വരവിനങ്ങളുടെയും കാര്യത്തിൽ വിലയിരുത്തലുകളോ ഇടപെടലുകളോ കമ്മിറ്റി നടത്തിയിട്ടില്ല.വസ്തുനികുതി ഉൾപ്പടെയുള്ള വരവിനങ്ങളിൽ ഡിമാന്റിൽ പൂർണ്ണത കൈവരിക്കാത്ത കാര്യം ഭാഗം 2 ലെ മറ്റ് ഖണ്ഡികകളിൽ പരാമർശിച്ചിരിക്കുന്നത് ഇവിടെ ശ്രദ്ധേയമാണ്.

11. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താനുള്ള സ്ഥാപനതലത്തിൽ ഓർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.

മേൽ പോരായ്മകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.

എ).നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി). കെട്ടിട നിർമ്മാണം , ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഫീൽഡ് സ്ററാഫ് നിർവ്വഹിക്കുന്നുണ്ടോയെന്ന് കൃത്യമായി നിരീക്ഷിക്കേണ്ടതും ഇവരുടെ റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി). വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഇ). സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ റിപ്പോർട്ടും, ഇതുമൂലമുണ്ടായ ഗുണഫലങ്ങളുടെ വിവരവും ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

# 1-2 വസ്തു നികുതി -നികുതി ഒടുക്കേണ്ട എല്ലാ കെട്ടിടങ്ങളും ഡിമാന്ററിൽ ഉൾപ്പെട്ടോയെന്ന് ഉറപ്പുവരുത്തിയിട്ടില്ല

സ്ഥാപനത്തിലെ നികുതി അടക്കാൻ ബാധ്യസ്ഥമായ എല്ലാ കെട്ടിടങ്ങളും നികുതി പരിധിയിൽ വന്നുവെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കണക്കുകളിലെ വിവിധ തലങ്ങളിലുള്ള പൊരുത്തക്കേടുകളും മറ്റ് അപാകതകളും ഇത് വ്യക്തമാക്കുന്നു. വിശദാംശം താഴെ കൊടുക്കുന്നു

**1.രേഖകളില്ലാത്തതിനാൽ കണക്കുകളുടെ പൊരുത്തം പരിശോധിക്കാനാകുന്നില്ല**

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഓഡിറ്റ് വർഷത്തിൽ ആകെ 11720 ഡിമാന്റുകളാണുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2013-14 വർഷം മുതൽ കെട്ടിട നികുതിയുടെ അസസ് മെന്റ്, ഡിമാന്റ് കലക്ഷൻ എന്നിവ സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ് ചെയ്തു വരുന്നത്. സ്ഥാപനത്തിൽ അവസാനമായി തയ്യാറാക്കിയതും ഓഡിറ്റ് സാക്ഷ്യപ്പെടുത്തിയതുമായ ഡിമാന്റ് രജിസ്റ്റർ 2012-13 വർഷത്തേതാണ് . ഈ ഡിമാന്റ് രജിസ്റ്റർ പ്രകാരം 10535 നികുതി ഡിമാന്റുകൾ സ്ഥാപനത്തിലുണ്ടായിരുന്നു. സ്ഥാപനത്തിൽ പരിപാലിച്ചുപോന്ന ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്റർ പരിശോധിച്ചാൽ 2013-14 മുതൽ 2018-19 വരെയുള്ള കാലയളവിൽ ആകെ നിർമ്മിക്കപ്പെട്ട പുതിയ കെട്ടിടങ്ങൾ എത്രയെന്ന് കണ്ടെത്താവുന്നതും ഇതു പ്രകാരം നിലവിലുണ്ടാകേണ്ട ആകെ ഡിമാന്റ് എത്രയെന്ന് തിട്ടപ്പെടുത്താവുന്നതുമായിരുന്നു. എന്നാൽ മേൽ രജിസ്റ്റർ ഹാജരാക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റിന്റെ കൃത്യത മേൽ രജിസ്റ്ററിന്റെ അഭാവത്തിൽ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

**2. പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല. അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കുന്നില്ല**

സ്ഥാപനത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല (ചില പെർമിറ്റുകളുടെ കാര്യത്തിൽ മാത്രം പൂർത്തീകരണം രേഖപ്പെടുത്തിയിട്ടുണ്ട്). ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണവിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമെന്നില്ല.എന്നാൽ സ്ഥപാനത്തെ സംബന്ധിച്ചിടത്തോളം പഴയനിരക്കിൽ കണക്കാക്കിയ നികുതിക്കു പകരം കെട്ടിടത്തിനു മുഴുവൻ പുതിയ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാത്തതും നികുതി ഇനത്തിൽ വൻതുക സ്ഥാപനത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയുമാണ്.

**3 ലൈസൻസിംഗിലെ പ്രവണതകൾ പരിശോധിക്കപ്പെടുന്നില്ല**

കെട്ടിടനിർമ്മാണ ലൈസൻസ് മേഖലയിലെ പ്രവണതകൾ വിലയിരുത്തി അനധികത നിർമ്മാണത്തിന്റെ തോത് തിരിച്ചറിയാൻ സ്ഥാപനം ശ്രമിച്ചിട്ടില്ല.ഓഡിറ്റ് വർഷത്തിൽ കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് ഇനത്തിലെയും റഗുലറൈസേഷൻ ഫീസ് ഇനത്തിലെയും വരവ് യഥാക്രമം 203897/-രൂപയും 212748/- രൂപയുമാണ് .അതായത് പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ അതിന്റെ നേർ പകുതിയോളം നിർമ്മാണ പ്രവർത്തനങ്ങൾ അനധികൃതമായി നടക്കുന്നെന്ന് ഇത് വ്യക്തമാക്കുന്നു. കെട്ടിടങ്ങളുടെ നിർമ്മാണം നിയന്ത്രിക്കപ്പെടുന്നില്ല എന്നതിനൊപ്പം കെട്ടിടങ്ങൾ സമയബന്ധിതമായി നികുതി അസസ് ചെയ്ത് ഡിമാന്റിൽ ഉൾപ്പെടുത്തുന്നുമില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ കെട്ടിടങ്ങൾ നികുതി പരിധിയിൽ പെടാതെ ഒഴിഞ്ഞു പോകുന്നെന്ന് ഇത് സാക്ഷ്യപ്പെടുത്തുന്നു. അനധികൃതനിർമ്മാണം നിർബാധം നടന്നുകൊണ്ടിരിക്കുമ്പോഴും സ്ഥാപനത്തിൽ സൂക്ഷിക്കുന്ന അനധികൃതനിർമ്മാണത്തിന്റെ രജിസ്റ്ററിൽ 2 കെട്ടിടത്തിന്റെ വിവരം മാത്രമേ ഉള്ളൂവെന്നത് ഇവിടെ പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു.

മേല്പറഞ്ഞ അപാകതകൾ നിലനില്ക്കേ ഇക്കാര്യങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽ വന്നിട്ടില്ലെന്ന് മിനിട്സ് സാക്ഷ്യപ്പെടുത്തുന്നു. വസ്തുനികുതിയുടെ കാര്യത്തിൽ പിരിവ് 100% ആക്കാനുള്ള നിർദ്ദേശങ്ങളും ഇടപെടലുകളും മാത്രമാണ് ഉണ്ടായിട്ടുള്ളത്.

നികുതി പരിധിയിൽ നിന്നും കെട്ടിടങ്ങൾ ഒഴിഞ്ഞുപോകാനുള്ള സാഹചര്യം നിലനില്ക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.മറുപടി നല്കേണ്ടതും അപാകതകൾ ഒഴിവാക്കുന്നതിനായി താഴെ പറയുന്ന പരിഹാരനടപടികൾ അടിയന്തിരമായി നടപ്പിലാക്കേണ്ടതുമാണ്.

1) സ്ഥാപനപരിധിയിൽ നിർമ്മിക്കപ്പെട്ട മുഴവൻ കെട്ടിടങ്ങളും ഡിമാന്റിലോ,നിയമവിധേയമല്ലാത്തവ അനധികൃതനിർമ്മാണത്തിന്റെ രജിസ്റ്ററിലോ ഉൾപ്പെടുത്തുന്നതിനായി ഓരോ വാർഡിലും വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ ഉപയോഗപ്പെടുത്തി വിശദമായ പരിശോധന നടത്തേണ്ടതാണ്.പരിശോധനയിൽ കണ്ടെത്തുന്ന കണക്കിൽ പെടാത്ത കെട്ടിടങ്ങളും കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലുകളും റഗുലറൈസ് ചെയ്യാൻ പറ്റുന്നവ അപ്രകാരം ചെയ്ത് ഡിമാന്റിലും അല്ലാത്തവ അനധികൃതനിർമ്മാണത്തിന്റെ രജിസ്റ്ററിലും ഉൾപ്പെടുത്തേണ്ടതാണ്. പരിശോധനയിൽ പഴയകെട്ടിടങ്ങളുടെ അസസ് മെന്റിലെ വിവരങ്ങളുമായി നിലവിലെ അവസ്ഥ താരതമ്യം ചെയ്യേണ്ടതും കൂട്ടിച്ചേർക്കലുകളുണ്ടെങ്കിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2) മേൽ പരിശോധനാ ഫലവും നാളിതുവരെയുള്ള ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്ററും അടിസ്ഥാനപ്പെടുത്തി പെർമിറ്റ് രജിസ്റ്റർ കാലികമാക്കി മാറ്റേണ്ടതും, കാലാവധിക്കുള്ളിൽ പൂർത്തീകരണ വിവരമോ പുതുക്കലോ ഇല്ലാത്ത പെർമിറ്റുകളുടെ നിജസ്ഥിതി ഇനി മുതൽ പരിശോധിച്ച്, ആവശ്യമുള്ളവയുടെ കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

3) ഖണ്ഡിക 1-1 ൽ പ്രതിപാദിച്ചതുപോലെ അനധികൃതനിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഫീൽഡ് സ്റ്റാഫിന് നിശ്ചയിച്ചു നല്കുകയും അതനുസരിച്ച് അവർ കൃത്യനിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥനും സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതുമാണ്.

4) ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കേണ്ടതും , ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഇടപെടലുകളും പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ നല്കേണ്ടതു/ നടത്തേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ വിശദമായ റിപ്പോർട്ടും, ഇതിന്റെ ഫലമായി നികുതി വരുമാനത്തിൽ വന്ന വർദ്ധനവിന്റെ വിവരവും ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

# 1-3 തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പു വരുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ ,വ്യപാരം ,വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല.രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു.നികുതി പരിധിയിൽ നിന്നും ബ്വാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205ബി,ചട്ടം13 എന്നിവ കാണുക)

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ,ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, തൊഴിലുടമകൾ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല.(ക്രമ നമ്പർ ഒന്നുപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന് കെട്ടിട ഉടമയ്ക്ക് നല്കേണ്ട നോട്ടീസിന്റേയോ ഉടമസ്ഥൻ വിവരം ലഭ്യമാക്കേണ്ട ഫോറത്തിന്റേയോ മാതൃക/ഫോറം തൊഴിൽ നികുതി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല.എങ്കിലും നിയമപ്രകാരവും ചട്ടപ്രകാരവുമുള്ള വരുമാനമാർഗ്ഗം ഉപയോഗപ്പെടുത്താൻ സ്ഥാപനം ഫോറങ്ങൾ നിശ്ചയിച്ച് ഉപയോഗപ്പെടുത്തുകയോ അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുകയോ ചെയ്യേണ്ടതായിരുന്നു.) ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ നിലനില്ക്കുന്നു.

എ). സഞ്ചയ അസസ്മെന്റ്,ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 1698കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. ഇതിൽ 2 കെട്ടിടങ്ങൾക്ക് 2018-19 വർഷത്തിൽ വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. അതായത് 1696കെട്ടിടങ്ങൾ നിലവിൽ ഉപയോഗിക്കപ്പെടുത്തുന്നുണ്ടെന്ന് കാണാം. എന്നാൽ ട്രഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 517 ഡിമാന്റുകളിൽ നിന്നുമാത്രമാണ് നികുതി ഈടാക്കിയിരിക്കുന്നത്. ഓഡിറ്റ് വർഷത്തിൽ ആകെ ഡി & ഒ ലൈസൻസ് അനുവദിക്കപ്പെട്ട 519 സ്ഥാപനങ്ങൾ 747 കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. അതായത് അവശേഷിക്കുന്ന 949 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകതയാണ്.

ബി). ക്രമ നം 1 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന വസ്തുത നികുതി വരുമാനത്തിന്റെ കാര്യത്തിൽ സ്ഥാപനത്തിന്റെ ജാഗ്രതക്കുറവ് വ്യക്തമാക്കുന്നു.വേക്കൻസി റമിഷൻ കഴിഞ്ഞ് 1696 കെട്ടിടങ്ങൾ ഉണ്ടെന്നുള്ളതിനാൽ പരാമവധി അത്രയും ഡിമാന്റുകൾ കൂടി തൊഴിൽ നികുതിയുടെ കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

സി). വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ലൈസൻസ് നല്കുമ്പോൾ ഈടാക്കുന്ന നികുതി സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുടെ മാത്രമാണെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. അതായത് ലൈസൻസ് അനുവദിക്കപ്പെട്ട 519 സ്ഥാപനങ്ങളിൽ നിന്നും അവയുടെ വിറ്റുവരവ് അടിസ്ഥാനപ്പെടുത്തി സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഡി). ട്രെയിഡേഴ്സിന്റെ കാര്യത്തിൽ , പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല നികുതി കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും ,തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി പിരിവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ മേൽ അപാകതകൾക്ക് കാരണമായി.ഡി&ഒ ലൈസൻസ് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ബാധകമാക്കണമെന്നും അതുവഴി തൊഴിൽ നികുതി വരുമാനം കൂടി വർദ്ധിപ്പിക്കാമെന്നും സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ചചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട് . എന്നാൽ ഇത് സംബന്ധിച്ച വിശദമായ അജണ്ട ചർച്ച

ചെയ്യുകയോ നിർദ്ദേശങ്ങൾ നല്കുകയോ ചെയ്തിട്ടില്ലെന്ന് മിനിട്സ് വ്യക്തമാക്കുന്നുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് നല്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

1) വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്.റിട്ടേൺ പ്രകാരം കാണിക്കുന്ന വരുമാനത്തിന്റെ കൃത്യത ആവശ്യമെങ്കിൽ ലൈസൻസ് അപേക്ഷയ്ക്കൊപ്പം (ലൈസൻസ് നല്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ)ലഭ്യമാക്കുന്ന കരാറിലെ വാടക സംബന്ധിച്ച വിവരവുമായി ഒത്തുനോക്കി ഉറപ്പാക്കാവുന്നതാണ്.

2) എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നല്കേണ്ടതും , ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ് .നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് അറിയിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ എല്ലാ അർദ്ധ വർഷത്തിന്റെയും തുടക്കത്തിൽ ഈ പ്രക്രിയ തുടരേണ്ടതാണ്.മേൽ നടപടിക്രമങ്ങൾക്ക് നിശ്ചിത ഫോറങ്ങൾ തൊഴിൽ നികുതി ചട്ടങ്ങളിലില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതും ,അതുവരെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ഫോറം ഒന്നും ,രണ്ടും ആവശ്യമായ മാറ്റങ്ങളോടെ സ്വീകരിച്ച് ഉപയോഗപ്പെടുത്താവുന്നതുമാണ്.

3) തൊഴിലുടമയോടോ ,അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

4) ടെയിഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും ,തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

5) മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടപ്പിലാക്കി ഇത് സംബന്ധിച്ച റിപ്പോർട്ട് ഹാജരാക്കിയും, ഇതുമൂലമുണ്ടായ വരുമാന വർദ്ധനവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയും പരാമർശം ഒഴിവാക്കേണ്ടതാണ്.

# 1-4 ലൈസൻസ് - അപാകതകൾ

സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 2018-19 വർഷത്തിൽ സ്ഥാപന പരിധിയിൽ വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി ആകെ 1698കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. 2018-19ലെ നികുതി ഇളവ് രജിസ്റ്റർ പ്രകാരം രണ്ട് കെട്ടിടങ്ങൾക്ക് ഒഴിവായി കിടക്കുന്നതിനാൽ നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും 1696 കെട്ടിടങ്ങൾ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനുള്ള സാധ്യത നിലനിൽക്കുന്നതായി കാണാം. നിർമ്മിതിയുടെ സ്വഭാവമനുസരിച്ച് ഈ കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനാണ് മിക്കവാറും സാധ്യത. എന്നാൽ ഓഡിറ്റ് വർഷത്തിൽ 519 പേർക്ക് മാത്രമാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഇത്രയും ലൈസൻസിന് ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങൾ 747 എണ്ണമാണെന്ന് സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. അതായത് 949 കെട്ടിടങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കാനുള്ള സാധ്യത നിലനില്ക്കുന്നതായി കാണാം. 1994ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി

ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു.ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർണ്ണം കാണേണ്ടതാണ്. അടിയന്തിരമായി ഫീൽഡ് പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തേണ്ടതും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥൻ ഇതിന് നേതൃത്വം നല്കേണ്ടതും ധനകാര്യ സ്ററാന്റിംഗ് കമ്മിറ്റി പുരോഗതി വിലയിരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ, ഫലപ്രാപ്തി എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

# 1-5 റോഡ് പ്രവൃത്തികൾ മോർഡ് സ്പെസിഫിക്കേഷനിൽ - ഓവർഹെഡ്ഡ് ചാർജ്ജ് നല്കുന്നത് അനർഹമായ നിരക്കിൽ

സ്ഥാപനത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന വെബ് സൈറ്റ് മുഖേനയാണ്. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർഹെഡ്ഡ്ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണെന്ന് വ്യക്തമായിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE LSGD യിൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത് . മോർഡ് പ്രകാരമുള്ള സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്ഡ്ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് തന്നെ വ്യക്തമാക്കുന്നുണ്ട്. സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച്&ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് ) ആമുഖത്തിൽ ഖണ്ഡിക 4ലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്.റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20%വും ഓവർഹെഡ്ഡ്ചാർജ്ജ് കണക്കാക്കിയത് 17ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചു കൊണ്ടാണെന്ന് ഖണ്ഡിക 4ൽ പരാമർശിക്കുന്നു.ഇവയിൽ പ്രധാനപ്പെട്ടതും സ്ഥാപനത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തവുമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1.പ്ലാന്റുകൾ,ആക്സസ് റോഡുകൾ,ജലവിതരണം ,ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്

2.സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്

3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്

4.മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്

5. മോർഡ് സ്പസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്

6.വാച്ച് &വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്

7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം.17ആം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ് .

ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത.എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു.ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD എന്ന വെബ് സൈറ്റ് മുഖേനതന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 7.5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ഇവിടെ ശ്രദ്ധേയമാണ്.ഓഡിറ്റ് വർഷം മരാമത്ത് മേഖലയിൽ 1.74 കോടി രൂപ വിനിയോഗിച്ച സ്ഥാപനത്തിൽ ഭൂരിഭാഗം തുകയും വിനിയോഗിച്ചിരിക്കുന്നത് റോഡ് പ്രവൃത്തികൾക്കാണെന്നതും ഇവയെല്ലാം മോർഡ് സ്പെസിഫിക്കേഷനിലാണെന്നതും പരിഗണിക്കുമ്പോൾ ഓവർ ഹെഡ്സ് ചാർജ്ജിനത്തിൽ സ്ഥാപനത്തിനുണ്ടായിട്ടുള്ള അധിക ചെലവിന്റെ വ്യാപ്തി വ്യക്തമാകുന്നതാണ്. മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് പഞ്ചായത്തുഫണ്ടിന്റെ ദുർവിനിയോഗമാണ്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് നല്കിയ മറുപടിയിൽ അപാകത ചീഫ് എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.ഇക്കാര്യത്തിൽ ഉടനടി നടപടി സ്വീകരിച്ച് സ്ഥാപനത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന അധികചെലവ് ഒഴിവാക്കേണ്ടതാണ്.നടപടികളുടെ വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-6 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് -മതിയായ തുക വകയിരുത്താത്തതിനാൽ ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ സഹായം നൽകാൻ കഴിഞ്ഞില്ല.

നിർവ്വഹണം – ഐ.സി.ഡി.എസ് സൂപ്പർവൈസർ

ചെലവ് – 884000/-രൂപ.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി-ധനസഹായം -അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ,തീയ്യതി 14.02.2018 ഖണ്ഡിക 7.1.6 പ്രകാരം ശാരീരിക -മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്ന സഹായങ്ങൾ പരാമർശിച്ചിട്ടുണ്ട്. ആയത് പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പും വാർഷിക ബത്തയും ഉൾപ്പെടെ ഏറ്റവും താഴ്ന്നക്ലാസിൽ പഠിക്കുന്നവർക്ക് പ്രതിവർഷം മിനിമം 5300 രൂപയ്ക്കും മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് മിനിമം 28500 രൂപയ്ക്കും അർഹതയുണ്ട്.

മേഖലയെ സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ മാനസികവൈകല്യം ബാധിച്ച കുട്ടികളുടെ എണ്ണം 111 ഉം ശാരീരിക വൈകല്യംബാധിച്ച കുട്ടികളുടെ എണ്ണം218 ഉം ആണ്. തൻ വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യാഗസ്ഥയായി നടപ്പാക്കിയ പ്രോജക്ട് നം 50/18-19 ൽ 875000 രൂപ (3,00,000 വികസനഫണ്ട്, 2,00,000 തനത് ഫണ്ട്, 2,50,000 ബ്ളോക്ക് വിഹിതം, 1,25,000 ജില്ലാപഞ്ചായത്ത് വിഹിതം ) വകയിരുത്തി 85 ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. ഇതിൽ 52 പേർ മാനസികവെല്ലുവിളികൾ നേരിടുന്നവരും 33 പേർ ശാരീരിക വെല്ലുവിളികൾ നേരിടുന്നവരുമാണ്. 52പേർക്ക് 28500 രൂപ നിരക്കിൽ 1482000 രൂപയ്ക്കും ,33 പേർക്ക് മിനിമംതുകയായ 5300നിരക്കിൽ 174900 രൂപയ്ക്കും അർഹതയുണ്ട് എന്നിരിക്കെയാണ് 875000 രൂപ മാത്രം വകയിരുത്തി 85 പേർക്ക് മാത്രമായി പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ആയത് കാരണം

അർഹതപ്പെട്ടസഹായം ഗുണഭോക്താക്കൾക്ക് നൽകാൻ കഴിയാതെ പോയി. ഓഡിറ്റ് വർഷം വിവിധ മേഖലകളിലായി വകയിരുത്തിയ തുകയിൽ വികസനഫണ്ട് ഇനത്തിൽ 4647680 രൂപ ചെലവഴിക്കാൻ കഴിയാതെ നഷ്ടപ്പെട്ടിട്ടുണ്ട് എന്നിരിക്കെയാണ് ഭിന്നശേഷിക്കാരായ കുട്ടികൾക്കായി നടപ്പാക്കിയ പ്രോജക്റ്റിൽ മതിയായ തുകവകയിരുത്താത്തതിനാൽ ഗുണഭോക്താക്കൾക്ക് അർഹമായ തുക നൽകാൻ കഴിയാതെ പോയത്. മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടിനൽകിയത് പദ്ധതിക്കായി വകയിരുത്തിയ തുകകൊണ്ട് മുഴുവൻ കുട്ടികൾക്കും ആനുകൂല്യം നൽകാൻ സാധിക്കില്ല എന്ന കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതാണെന്നും എന്നാൽ ഫണ്ടിന്റെ അപര്യാപ്തതകാരണം പദ്ധതി റിവിഷൻ ചെയ്യാൻ സാധിച്ചില്ല എന്നുമാണ്.എന്നാൽ പദ്ധതി നിർവ്വഹണ ഘട്ടത്തിൽ ഇത് സംബന്ധിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ മേൽനോട്ടചുമതലയുള്ള ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ ചർച്ചചെയ്തിട്ടില്ല.

തുടർ വർഷങ്ങളിൽ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള ഭിന്നശേഷിയിൽപ്പെട്ട അർഹരായവർക്കെല്ലാം നൽകാൻ കഴിയുന്ന മുഴുവൻ സഹായങ്ങൾക്കും ആവശ്യമായ ഫണ്ട് വകയിരുത്തി പദ്ധതി നടപ്പാക്കിയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കി മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-7 റാണി സ്കൂൾ മാലിന്യപ്രശ്നം സംബന്ധിച്ച് ആരോഗ്യ വിദ്യാഭ്യാസ സ്റ്റന്റിംഗ് കമ്മിറ്റി തീരുമാനം നടപ്പിലാക്കിയില്ല.

ഓഡിറ്റ് വർഷത്തിൽ ജൂൺ മാസത്തിൽ റാണി പബ്ലിക്ക് സ്കൂളിലെ കക്കൂസ് മാലിന്യങ്ങളുൾപ്പടെയുള്ള മാലിന്യങ്ങൾ വൻതോതിൽ സമീപത്തെ തോടുവഴി ഒഴുക്കിവിടുന്ന പരാതിയുമായി ബന്ധപ്പെട്ട് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 7-06-2018 ലെ 37/18തീരുമാനപ്രകാരം പ്രശ്നം വിശദമായി പഠിക്കുന്നതിനും പരിഹാരം കാണുന്നതിനും ഹെൽത്ത്,പോലീസ്,വാട്ടർ അതോറിറ്റി ,പരിസ്ഥിതി പ്രവർത്തകർ എന്നിവർ ഉൾപ്പെട്ട ഒരു സംഘത്തെ നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 24-09-2018 ലെ 51/18 തീരുമാനപ്രകാരം റാണി കാന്റീൻ തുറന്ന് പ്രവർത്തിക്കാൻ ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ടെന്നും സമീപത്തെ കനാലിൽ മലിനജലം ഒഴുക്കാൻ പാടില്ല എന്ന വ്യവസ്ഥ ഉള്ളതിനാൽ ഇതു സംബന്ധിച്ച പരിശോധന നടത്തുന്നതിനായി പഞ്ചായത്ത് ഉദ്യോഗസ്ഥരും ആരോഗ്യവിഭാഗം എച്ച്.എെ,ജെ.എച്ച്.എെ എന്നിവരും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനുമടങ്ങുന്ന ഒരു ടീമിനെ രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. 26-10-18 ലെ 54/18 തീരുമാനപ്രകാരം റാണി മാലിന്യപ്രശ്നം സംബന്ധിച്ച് പൊന്നമ്പത്ത് സുരേഷ് എന്നയാളുടെ ഫോൺ വഴി ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള മോണിറ്ററിംഗ് കമ്മിറ്റി പരിശോധന നടത്താനും തീരുമാനിച്ചിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ റാണി മാലിന്യപ്രശ്നം പരിഹരിക്കുന്നതിനായി രൂപീകരിച്ച സംഘങ്ങളുടെ പരിശോധനറിപ്പോർട്ട് അവയിൽ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ വർഷങ്ങളായി മാലിന്യപ്രശ്നം സൃഷ്ടിക്കുന്ന സ്ഥാപനം ഇത്രയും ഗുരുതരമായ പ്രശ്നം സമീപകാലത്ത് ഉണ്ടാക്കിയിട്ടും ആരോഗ്യവകുപ്പ് ജീവനക്കാർ നിശ്ചിത ഇടവേളകളിൽ സ്ഥാപനം പരിശോധിച്ചതായോ കമ്മിറ്റിയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചതായോ കാണുന്നില്ല.പ്രശ്നം ആവർത്തിക്കാതിരിക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിൽ ഗ്രാമപഞ്ചായത്ത് പരാജയപ്പെട്ടെന്ന് ഇത് വെളിവാക്കുന്നു. ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം നല്കേണ്ടതും മാലിന്യപ്രശ്നം ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതുമാണ്.

# 1-8 കാർഷികമേഖലയിലെ പദ്ധതി നടത്തിപ്പിലെ അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യഗസ്ഥയായി കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളിൽ

ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കാതെ പദ്ധതികൾക്ക് തുകവകയിരുത്തിയത് വഴി നിർവ്വഹണഘട്ടത്തിൽ ആവശ്യമായ ഗുണഭോക്താക്കളെ ലഭിക്കാതെ വരികയും വകയിരുത്തിയ വികസനഫണ്ട് ഫണ്ട് മുഴുവനായും ചെലവഴിക്കാൻ കഴിയാതെ നഷ്ടപ്പെടുന്നതിനിടയാക്കുകയും ചെയ്തു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | വകയിരുത്തിയ വികസനഫണ്ട് | സഹായം നൽകിയ ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | ചെലവഴിക്കാതെ നഷ്ടപ്പെട്ട വികസനഫണ്ട് |
|---|---|---|---|---|---|
| ജലസേചനത്തിന് പമ്പ് സെറ്റ് | 40 | 400000 | 18 | 112825 | 287175 |
| പച്ചക്കറികൃഷിക്ക് കൂലി,ചെലവ് | 100 | 170000 | 17 | 29580 | 140420 |
| നെൽകൃഷിക്ക് കൂലിചെലവ് | 35 | 59500 | 8 | 17374 | 42126 |
| ഫലവൃക്ഷതൈവിതരണം | 200 | 37500 | 102 | 19125 | 18375 |
| കുരുമുളക് കൃഷി വ്യാപനം | 500 | 100000 | 254 | 45720 | 54280 |
| ജൈവ പച്ചക്കറികൃഷി | 100 | 50025 | 57 | 14250 | 35775 |
| ഇടവിളകൃഷി | 500 | 200000 | 367 | 146800 | 53200 |
| വാഴകൃഷി പ്രോത്സാഹനം വനിത | 555 | 99900 | 173 | 25950 | 73950 |
| | | | | ആകെ | 705301 |

മേൽ വിശദാംശങ്ങളിൽ കുരുമുളക് കൃഷി വ്യാപനം, ഇടവിളകൃഷിപ്രോത്സാഹനം എന്നീ പ്രോജക്ടുകൾ വനിതാ ഗുണഭേക്താക്കൾക്ക് 100% സബ്സിഡി നിരക്കിൽ നടീൽവസ്തുക്കൾ വിതരണം ചെയ്യുന്നതിനായി രൂപീകരിച്ചവയായിരിക്കെയാണ് ആവശ്യത്തിന് ഗുണഭോക്താക്കളില്ലാതെ പ്രോജക്ട് നടത്തിപ്പ് ഭാഗികമാകുന്നതിനും വകയിരുത്തിയ ഫണ്ട് ചെലവഴിക്കാൻകഴിയാതെ നഷ്ടപ്പെടുന്നതിനു മിടയാക്കിയത്.

കാർഷികമേഖലയിലെ പദ്ധതി രൂപീകരണം നടത്തിപ്പ് എന്നിവ പരിശോധിച്ചതിൽ കൃഷിയും അനുബന്ധ മേഖലയും വർക്കിംഗ് ഗ്രൂപ്പിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ക്രിയാത്മക ചർച്ചകളൊന്നും നടത്തിയിട്ടില്ല. എത്ര ഗുണഭോക്താക്കൾക്കാണ് പദ്ധതിനടപ്പാക്കേണ്ടത് ഏതുതരം നടീൽ വസ്തുക്കളാണ് വിതരണം ചെയ്യേണ്ടത് എത്രഎണ്ണം വീതം വിതരണം നടത്തണം, എവിടെ നിന്നും വാങ്ങണം എന്ന് വിതരണം നടത്തണം എന്നീകാര്യങ്ങൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിലാണ് തീരുമാനിക്കപ്പെടേണ്ടത്. വർക്കിംഗ് ഗ്രൂപ്പ് പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചതല്ലാതെ പദ്ധതി നിർവ്വഹണ ഘട്ടത്തിൽ യാതോരുവിധ തുടർ പ്രവർത്തനങ്ങളും നടത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കേണ്ട സ്റ്റാറ്റസ് റിപ്പോർട്ടിൽ മേഖലയെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ പൂർണ്ണമല്ല. പദ്ധതി രൂപീകരണത്തിനുശേഷം നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുകയും പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യേണ്ടതുമാണ്. എന്നാൽ തൻവർഷം കാർഷികമേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ മേണിറ്ററിഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിന്റെ മേൽ നോട്ടച്ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വർക്കിഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതും സമയാസമയങ്ങളിൽ വർക്കിംഗ് ഗ്രൂപ്പിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമായിരുന്നു.എന്നാൽ വർക്കിംഗ് ഗ്രൂപ്പും, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ചുമതലകൾ നിർവ്വഹിച്ചില്ല. മേൽകാരണങ്ങളാലാണ് കാർഷിക മേഖലയിൽ രൂപീകരിച്ച തൻവർഷത്തെ പദ്ധതികളുടെ നിർവ്വഹണം ഭാഗികമാവുന്നതിനും ഫണ്ട് ചെലവഴിക്കാൻ കഴിയാതെ നഷ്ടപ്പെടുന്നതിനുമിടയാക്കിയത്.

മേഖലയെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ പൂർണ്ണമായി ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കേണ്ടതും തുടർ വർഷങ്ങളിലെ പദ്ധതി രൂപീകരണം ആയതിന്റെ അടിസ്ഥാനത്തിലാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.എങ്കിൽ മാത്രമേ മേഖല നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്താനും ആയവ പരിഹരിക്കാനുതകുന്ന പദ്ധതികൾ രൂപീകരിച്ച് വിജയകരമായി നിർവ്വഹണം ചെയ്യാനും കഴിയുകയുള്ളൂ. കാലികമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

# 1-9 ഭവന വായ്പ പദ്ധതി പലിശയിനത്തിൽ വലിയ തുക അടവാക്കുന്നതുമൂലം തനത് ഫണ്ട് കുറഞ്ഞ് വരുന്നു.

പദ്ധതി-ഭവന വായ്പാ പദ്ധതി മുതലും പലിശയും തിരിച്ചടവ് 6/19

നിർവ്വഹണം-സെക്രട്ടറി ഗ്രാമ പഞ്ചായത്ത്

അടങ്കൽ-200000 -വികസന ഫണ്ട് ജനറൽ

-1000000 -തനത് ഫണ്ട്

ബിൽ നം-21/18-19 തീ.23.03,2019-₹200000

ചെക്ക്നം -2627712 തീ.30.03.2019 ₹937835

സ.ഉ(എംഎസ്)നം 83/13 ത സ്വഭവ. തീ.11.03.2013 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് ഭവന വായ്പ പദ്ധതിക്ക് അനുമതിക്കായി അപേക്ഷിക്കുകയും ,സർക്കാരിന്റെ ലെറ്റർ നം.51618/ ഡിബി 1/14തീ.19.08.2015 പ്രകാരം ₹ 16000000 പതിനൊന്ന് ശതമാനം നിരക്കിൽ പത്ത് വർഷ കാലാവധിയിൽ വായ്പയുടെ മുതൽ വികസന ഫണ്ടിൽ നിന്നും പലിശ തനത് ഫണ്ടിൽ നിന്നും അടവാക്കണം എന്ന വ്യവസ്ഥയിൽ ചോറോട് സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് വായ്പ എടുക്കുന്നതിന് അനുമതി നൽകുകയും ചെയ്തു.ബാങ്ക് അനുവദിച്ചത് ₹11832000 ആണ്.

ഗ്രാമപഞ്ചായത്തിലെ രജിസ്റ്റർ പ്രകാരം ഇതുവരെ മുതൽ ഇനത്തിൽ തിരിച്ചടച്ചത് ₹4206634 ഉം പലിശ ₹1950000 ആണ് ബാങ്കിന്റെ കത്ത് പ്രകാരം മുതൽ ഇനത്തിൽ തിരിച്ചടച്ചത് ₹4000464 ഉം പലിശ₹2156176 ആണ്. ഇവ തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. ബാങ്കിന്റെ കത്ത് പ്രകാരം മുതൽ ഇനത്തിൽ തിരിച്ചടക്കുവാൻ ₹7831536 പലിശ ₹731659 ബാക്കിയുണ്ട് .ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടിയായി ബാങ്കിന്റെ നിയമ പ്രാകാരം പലിശ അടവാക്കിയതിന് ശേഷം മാത്രമേ മുതൽ ഇനത്തിൽ തുക വകയിരുത്തുമെന്നാണ് അറിയിച്ചത്. ബാങ്കുമായി എഗ്രിമെന്റ് ചമയ്ക്കുമ്പോൾ തിരിച്ചടവിന്റെ വ്യവസ്ഥ തയ്യാറാക്കാത്തതു മൂലമാണ് ഇത് സംഭവിച്ചത്. പലിശ ഇനത്തിൽ തനത് ഫണ്ട് ചെലവുചെയ്യുന്നതിനാൽ വൻ ബാധ്യത വരുന്നതിനാൽ ആയത് കുറച്ച് കൊണ്ട് വരുന്നതിന് വേണ്ടി വികസന ഫണ്ട് ഉപയോഗിച്ച് മുതൽ സർക്കാർ നിർദ്ദേശ പ്രകാരം(നിശ്ചിത സമയ പരിധിക്കുള്ളിൽ)തിരിച്ചടക്കുന്നതിന് വേണ്ടി പദ്ധതിയിൽ/ ബജറ്റ് പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടി ഭരണസമിതിയുടേയും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

# 1-10 മുഴുവൻ തുകയ്ക്കും ഫോമുകളും രജിസ്റ്ററുകളും ലഭ്യമാക്കിയില്ല

നിർവ്വഹണം-സെക്രട്ടറി ഗ്രാമപഞ്ചായത്ത്

വൗച്ചർ നം21800471 തീ.06.10.2018

തുക-₹115163

മേൽ തുക ഗ്രാമലക്ഷ്മി മുദ്രാലയത്തിന് ഫോമുകൾ രജിസ്റ്ററുകൾ എന്നിവ ലഭ്യമാക്കുന്നതിന് വേണ്ടി നൽകിയിട്ടുണ്ട്.ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ 12.11.2018 ലെ PGT/GSTINV/1164/2018-19 നമ്പർ ഡെലിവറി ചെലാൻ പ്രകാരം ₹86400 സാധനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. സപ്ലൈ ഓർഡർ നൽകിയതിൽ ബാക്കി തുകയ്ക്കുള്ള സാധനങ്ങൾ ലഭിച്ചിട്ടില്ലായെന്ന് സ്റ്റോക്ക് രജിസ്റ്റർ ഫയൽ എന്നിവ പരിശോധിച്ചതിൽ നിന്നും ബോധ്യമായിട്ടുണ്ട്. സാധനങ്ങൾ ഉടനടി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് പരാമർശം ഒഴിവാക്കേണ്ടതാണ്.

# 1-11 ബാലസഭ പ്രവർത്തനം - അനുവദനീയമായതിലും കൂടുതൽ തുക ചെലവഴിച്ചു.

പ്രോജക്റ്റ് നം-75/18-19

നിർവ്വഹണം -അസി.സെക്രട്ടറി

അടങ്കൽ- 120000/-(തനത്ഫണ്ട്)

ചെലവ് -117750/-

പതിമൂന്നാം പഞ്ചവത്സര പദ്ധതി പദ്ധതിതയ്യാറാക്കൽ സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ(കൈ)നം. 22/2018/തസ്വഭവ തീയ്യതി 14.02.2018) ഖണ്ഡിക 7.6.17 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സംസ്ഥാനതല നിർദ്ദേശ ങ്ങൾ കൂടി പരിഗണിച്ച് പ്രേജക്റ്റുകൾ തയ്യാറാക്കണം. ഗ്രാമപഞ്ചായത്തുകൾ വാർഡ് ഒന്നിന് 1000/- രൂപയും പഞ്ചായത്ത് തല പ്രവർത്തനത്തിന് 40000/- രൂപയിൽ അധികരിക്കാതെയുമാണ് ചെലവഴിക്കാവുന്നത് ആയതിന് വിരുദ്ധമായാണ് തൻവർഷം ബാലസഭാ പ്രവർത്തനങ്ങൾക്കായി 117750/- രൂപ ചെലവഴിച്ചിരിക്കുന്നത്.

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി പഞ്ചായത്തിലെ ബാലസഭാ അംഗങ്ങളായ 4 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വേണ്ടി 2018 ഡിസം-25,26 തീയ്യതികളിൽ വടകര എക്സാത്ത് പരിശീലന ഗവേഷണകേന്ദ്രത്തിന്റെ നേതൃത്ത്വത്തിൽ പരിശീലനകേമ്പും പഠനയാത്രയും നടത്തി. ക്യാമ്പിൽ 75 ബാലികാബാലൻമാരും 21 സി.ഡി.എസ്സ് മെമ്പർമാരും പങ്കെടുത്തു.പരിശീലന കേമ്പ് നടത്തിപ്പിനായി എക്സാത്ത് പരിശീലന ഗവേഷണ കേന്ദ്രത്തിന് ചെലവായ 117750/-രൂപ (ബിൽ നം-498 തീയതി13-3-2019 പ്രകാരം പരിശീലനത്തിന് 82750/- രൂപ,ബിൽ നം-499 തീയതി 13-3-2019 പ്രകാരം പഠന യാത്രക്ക് 35000/-രൂപ) നിർവ്വഹണ ഉദ്യോഗസ്ഥ സ്ഥാപനത്തിന് നൽകി.

തുടർവർഷങ്ങളിലും ഇതേ പദ്ധതി ഉണ്ടെന്നിരിക്കെ പദ്ധതിനടത്തിപ്പിന് വരുന്ന ചെലവിൽ പഞ്ചായത്ത് ഫണ്ട് മാർഗ്ഗരേഖാ നിർദ്ദേശപ്രകാരമുള്ള പരിധിയിൽ നിന്നായിരിക്കാൻ ശ്രദ്ധിക്കേണ്ടതും അതിനുപുറമേ വരുന്ന ചെലവുകൾ സ്പോൺസർഷിപ്പ് ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെ കണ്ടെത്തേണ്ടതുമാണ്.

# 1-12 മത്സ്യതൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റ് വിതരണം ചെയ്യൽ പദ്ധതിനടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം-25/18-19

നിർവ്വഹണം- സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

അടങ്കൽ -84000 (41000 വിഫണ്ട് 1000തനത് ഫണ്ട് 42000ഗുണഭോക്തൃവിഹിതം)

ചെലവ് -81312( 40632 (വികസനഫണ്ട്-1/7-2-19),40680 (ഗുണഭോക്തൃവിഹിതം))

വർദ്ധിച്ചുവരുന്ന കടൽക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ ചോറോട് ഗ്രാമപഞ്ചായത്തിലെ കടലിൽ പോകുന്ന മത്സ്യതൊഴിലാളികളുടെ ജീവിത സുരക്ഷ ഉറപ്പാക്കുന്നതിനായിട്ടാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് .2000 രൂപ സബ്സിഡിയും 2000 രൂപ ഗുണഭോക്തൃവിഹിതവും അടക്കം 4000 രൂപയുടെ എം.എം.ഡി സർട്ടിഫിക്കറ്റ് ഉള്ള ലൈഫ് ജാക്കറ്റ് ആണ് പദ്ധതി പ്രകാരം വ്യക്തികൾക്ക് വിതരണം ചെയ്യേണ്ടിയിരുന്നത്. പഞ്ചായത്ത് 203 ഗുണഭോക്താക്കൾക്ക് 2000 രൂപ നിരക്കിൽ 406000 രൂപ വികസനഫണ്ടും 406000 രൂപ ഗുണഭോക്തൃവിഹിതവുമായി വകയിരുത്തി ആകെ 812000 അടങ്കലിൽ പൊതുമാർക്കറ്റിൽ നിന്നും ക്വട്ടേഷൻ ടെൻണ്ടർ നടപടികളിലൂടെ വാങ്ങി ലൈഫ് ജാക്കറ്റ് വാങ്ങിവിതരണം ചെയ്യുന്നതിനാണ് ആദ്യം പദ്ധതിതയ്യാറാക്കിയത്. എന്നാൽ ഗ്രാമസഭ വഴി ആകെ 67 ഗുണഭോക്താക്കളെ പദ്ധതിക്കായി അപേക്ഷിച്ചുള്ളൂ.നിർവ്വഹഉദ്യോഗസ്ഥൻ മത്സ്യഫെഡ് വഴി വിതരണം ചെയ്യുന്ന ഒരുജാക്കറ്റ് 1355 രൂപമാത്രമേ വിലയുള്ളൂ എന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ മതിയായ ഗുണഭോക്താക്കളില്ലാത്തതിനാലും യൂനിറ്റ് വില നിശ്ചയിച്ചതിനേക്കാൾ വളരെ കുറവായതിനാലും മത്സ്യഫെഡ് വിതരണം ചെയ്യുന്ന ലൈഫ് ജാക്കറ്റ് വാങ്ങി വിതരണം ചെയ്യലിനായി പദ്ധതി അടങ്കലിൽ മാറ്റംവരുത്തി നടപ്പാക്കുകയായിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻ മത്സ്യഫെഡിന്റെ കോഴിക്കോട് വെസ്റ്റ് ഹില്ലിലെ വ്യാസാ സ്റ്റോറിൽ നിന്നും ബിൽ നം-139 തീയ്യതി 14-01.2019 പ്രകാരം 60 ലൈഫ് ജാക്കറ്റുകൾ 81312/- രൂപ ചെലവഴിച്ച് വാങ്ങുകയും ഗുണഭോകതൃവിഹിതം അടച്ച 60 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്യുകയും ചെയ്തു. ബിൽ പരിശോധിച്ചതിൽ വിതരണം ചെയ്ത ലൈഫ് ജാക്കറ്റുകൾക്ക് MED സർട്ടിഫിക്കറ്റാണ് ഉള്ളത് എന്ന് കണ്ടു.മാർഗ്ഗരേഖ പ്രകാരം MMD സർട്ടിഫക്കറ്റോടുകൂടിയ ലൈഫ് ജാക്കറ്റുകളാണ പൊതുമാർക്കറ്റിൽ നിന്നും ടെണ്ടർ നടപടികളിലൂടെ വാങ്ങേണ്ടിയിരുന്നത് എന്നാൽ വാങ്ങിയത് പ്രക്വയർമെന്റ് കമ്മിറ്റി തീരുമാനമില്ലാതെ മത്സ്യഫെഡിൽ നിന്നുമാണ്. ഇത് കാരണം പ്രോജക്ടിൽ ആവശ്യത്തിന് തുകവകയിരുത്തിയിരുന്നിട്ടും മത്സ്യതൊഴിലാളികൾക്ക് ഗുണമേന്മയുള്ള MMD സർട്ടിഫിക്കറ്റോടുകൂടിയ ലൈഫ് ജാക്കറ്റ് വിതരണം ചെയ്യുന്നതിന് പകരം പ്രോജക്ട് റിവൈസ്ചെയ്ത് MED സർട്ടിഫിക്കറ്റ് മാത്രമുള്ള ലൈഫ് ജാക്കറ്റ് നൽകുന്നതിനിടയാക്കി. മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

# 1-13 പദ്ധതി രൂപീകരണത്തിലെ അപാകതകാരണം മാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പാക്കാൻ കഴിഞ്ഞില്ല.

നിർവ്വഹണം - വി.ഇ.ഒ

തദ്ദേശ ഭരണ സ്ഥാപനപരിധിയിലെ ഗാർഹിക, സ്ഥാപന, കമ്മ്യൂണിറ്റിതലങ്ങളിലുണ്ടാവുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നത് സംബന്ധിച്ച സംവിധാനങ്ങൾ എപ്രകാരമായിരിക്കണമെന്നത് സംബന്ധിച്ച് സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ(കൈ) നം. 22/2018/തസ്വഭവ,തീയ്യതി 14.02.2018 ഖണ്ഡിക 6.8,26.5.17ലെ ഹരിതകേരള മിഷൻ ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ,15.7.17 ലെ MS 2420/17/ LSGD നമ്പർ ഉത്തരവ് പ്രകാരമുള്ള ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവപ്രകാരവും കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.പഞ്ചായത്ത് തൻവർഷം മാലിന്യസംസ്കരണത്തിനായി താഴെപറയും പ്രകാരം രണ്ട് പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട്

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|
| | | |

| | | |
|---|---|---|
| 100 | അജൈവ മാലിന്യ പരിപാലനം-ഹരിതകേരളം-ഹരിത സേന | 2500000<br>(തനത് ഫണ്ട്-100000,<br>ഗുണഭോക്തൃവിഹിതം-<br>2400000) |
| | | 1977500 |
| 111 | ഗാർഹികമാലിന്യ സംസ്കരണം | (വികസനഫണ്ട്-520000,കേന്ദ്രാവിഷ്കൃതഫണ്ട്-520375,തനത് ഫണ്ട്-375,ഗുണഭോക്തൃവിഹിതം-936750) |

രണ്ട് പ്രോജക്ടുകളുടെയും നിർവ്വഹണം പരിശോധിച്ചതിൽ ഒന്നാമത് പ്രോജക്ടിൽ 21 അംഗ ഹരിത സേന രൂപീകരിക്കുകയും ഇവരുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെടുകയും ഇവർക്ക് കോട്ട്, ഗ്ലൗസ്, തിരിച്ചറിയൽ കാർഡ് എന്നിവ നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി നോട്ടീസ് നൽകുകയും വീടുകളിൽ നിന്ന് 30 രൂപയും വ്യാപാരസ്ഥാപനങ്ങളിൽ നിന്നും 50 രൂപ നിരക്കിലും യൂസർഫീ കളക്ട് ചെയ്ത് ഇത് പ്രസിണ്ടിന്റെയും വിഇഒ.യുടെയും പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ അടവാക്കി പദ്ധതിക്കാവശ്യമായ ഫണ്ട് കണ്ടെത്താനുമാണ് പ്രോജക്ടിൽ ലക്ഷ്യമിട്ടത്. ഒന്നാംഘട്ടമെന്ന നിലയിൽ ഹരിതസേനാംഗങ്ങൾ പ്ലാസ്റ്റിക്ക് വസ്തുക്കൾ വീടുകളിൽ നിന്നും ശേഖരിച്ച് തരംതിരിച്ച് കളക്ഷൻസെന്ററിൽ സൂക്ഷിച്ചതല്ലാതെ തൻ വർഷം തുടർപ്രവർത്തനങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. ശേഖരിക്കുന്ന അജൈവവസ്തുക്കൾ സംസ്കരിക്കുന്നത് സംബന്ധിച്ച് പ്രോജക്ടിൽ കൃത്യമായി പ്രതിപാദിക്കാഞ്ഞതാണ് പദ്ധതിയുടെ തുടർപ്രവർത്തനം പരാജയപ്പെടുന്നതിനിടയാക്കിയത്. അജൈവമാലിന്യങ്ങൾ ശേഖരിച്ച് തരം തിരിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കാത്തതും, ശേഖരിച്ച വസ്തുക്കളുടെ സംസ്കരണം എങ്ങിനെയായിരിക്കണമെന്നത് സംബന്ധിച്ച അവ്യക്തതയും പദ്ധതി നടത്തിപ്പിനോടൊപ്പം തന്നെ അജൈവ വസ്തുക്കളുടെ ഉപയോഗത്തിൽ നിയന്ത്രണം വരുത്തുന്നതിനാവശ്യമായ നടപടികളൊന്നും തന്നെ പഞ്ചായത്ത് സ്വീകരിക്കാഞ്ഞതും പദ്ധതി പരാജയപ്പെടുന്നതിനിടയാക്കി .

ഗാർഹിക മാലിന്യ സംസ്കരണത്തിനായി ആവിഷ്കരിച്ച രണ്ടാമത് പ്രോജക്ടിൽ പൊതുവിഭാഗത്തിൽപ്പെട്ട 759 ഗുണഭോക്താക്കൾക്ക് 50 ശതമാനം സബ്സിഡി നിരക്കിലും പട്ടിക വിഭാഗത്തിൽപ്പെട്ട 52 ഗുണഭോക്താക്കൾക്ക് 90 ശതമാനം സബ്സിഡി നിരക്കിലും റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യലുമാണ് വിഭാവനം ചെയ്തതെങ്കിലും ഗുണഭോക്തൃവിഹിതം അടവാക്കാൻ ഗുണഭോക്താക്കൾ തയ്യാറാവാത്തതിനാൽ മേൽ പദ്ധതിയും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

മാലിന്യ നിർമ്മാജനത്തിനായുള്ള മേൽ രണ്ട് പദ്ധതികളിലും പദ്ധതി രൂപീകരണത്തിൽ വന്ന അപാകത കാരണമാണ് പരാജയപ്പെട്ടത്. തദ്ദേശഭരണ സ്ഥാപനത്തിലെ മാലിന്യസംസ്കരണത്തിന്റെ നിലവിലെ അവസ്ഥയും മേൽ പദ്ധതികളുടെ തുടർ നടത്തിപ്പിനായി സ്വീകരിച്ച നടപടികളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഓഡിറ്റ് വർഷത്തിൽ ബ്ളോക്ക് പഞ്ചായത്തിന്റെ എം.ആർ.എഫ് കേന്ദ്രം പ്രവർത്തനക്ഷമമാകാതിരുന്നതിനാലാണ് അജൈവമാലിന്യങ്ങൾ കയറ്റികൊണ്ടുപോവാൻ കഴിയാതിരുന്നത്, കളക്ട് ചെയ്ത അജൈവ മാലിന്യങ്ങളിൽ ഭൂരിഭാഗവും ക്വട്ടേഷൻ ക്ഷണിച്ച് കൈയ്യൊഴിഞ്ഞിട്ടുണ്ട് എന്നുമാണ്. മാലിന്യസംസ്കരണത്തിനായുള്ള രണ്ടാമത് പ്രോജക്ടിൽ യൂണിറ്റ് നിരക്കിന്റെ 50ശതമാനം ഗുണഭോക്തൃവിഹിതമായി ഈടാക്കണമെന്ന നിബന്ധനകാരണം ഗുണഭോക്തക്കൾ പദ്ധതിക്കായി മുന്നോട്ടുവരാഞ്ഞതിനാൽ നടപ്പാക്കാൻ സാധിക്കാതെ വരികയായിരുന്നു. നടപ്പ് സാമ്പത്തികവർഷം ഗുണഭോക്തൃവിഹിതം 10ശതമാനമായി കുറച്ചതിനാൽ പദ്ധതി നടത്തിപ്പ് എത്രയും പെട്ടന്ന് നടപ്പിൽ വരുത്തുന്നതുമാണെന്നാണ്.മാലിന്യ സംസ്കരണ പ്രോജക്ടുകളുടെ നടത്തിപ്പിനൊപ്പം തന്നെ അജൈവമാലിന്യങ്ങളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി പഞ്ചായത്ത് നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.2016ലെ ഖരമാലിന്യപരിപാലനചട്ടം നിലവിൽ വന്ന് ഒരു വർഷത്തിനകം മേൽ ചട്ടത്തിലെയും പ്ലാസ്റ്റിക് ഖരമാലിന്യ സംസ്കരണ ചട്ടത്തിലെയുംവ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി ആയതിന്റെ സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തേണ്ടതാണ്. ഈ ചട്ടത്തിലെ

വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെയുള്ള സ്പോട്ട് ഫൈൻ നിശ്ചയിച്ചും 50 മൈക്രോണിൽ കുറഞ്ഞ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിരോധിച്ചും ഈ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെ നിർമ്മിക്കപ്പെടുന്ന പ്ലാസ്റ്റിക് നിരോധിച്ച് കൊണ്ടും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കുള്ള പിഴ നിശ്ചയിച്ചുകൊണ്ടുമുള്ള വ്യവസ്ഥകൾ ബൈലോയുടെ ഭാഗമാകേണ്ടതാണ്. പ്ലാസ്റ്റിക് ക്യാരി ബാഗിൽ സാധനങ്ങൾ നല്കാനാഗ്രഹിക്കുന്ന കച്ചവടക്കാർ ഇക്കാര്യത്തിൽ പ്രതിമാസം 4000/- രൂപ ഒടുക്കി തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും ലൈസൻസ് എടുക്കണമെന്നും പണം വാങ്ങി മാത്രമേ ഇപ്രകാരം ബാഗ് ആവശ്യക്കാർക്ക് നല്കാവൂയെന്നും ഇതിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്.നിയമവും ചട്ടങ്ങളും മിഷൻ മാർഗ്ഗരേഖകളും നിർദ്ദേശിക്കുന്നതരത്തിൽ സ്ഥാപനത്തിന്റെ ഉത്തരവാദിത്വം വിശദീകരിക്കപ്പെട്ടത് ഉൾക്കൊണ്ട് കൊണ്ട് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമതയിലെത്തിക്കാനാവശ്യമായ നടപടികൾ കൈക്കൊണ്ട് ഇതിന്റെ ഒരു റിപ്പോർട്ട് ഓഡിറ്റിന് നൽകേണ്ടതാണ്.

# 1-14 പഞ്ചായത്ത് റോഡിന് കുറുകെയുള്ള അനധികൃതപാലം- തുടർനടപടികൾ സ്വീകരിച്ചില്ല.

2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1 ൽ പഞ്ചായത്ത് പരിധിയിൽ പഞ്ചായത്ത് റോഡിന് മുകളിലായി സ്വകാര്യവ്യക്തി നിർമ്മിച്ച പാലം നിയമങ്ങൾക്കും ചട്ടത്തിനും വിരുദ്ധമാണെന്നും, അപകടാവസ്ഥയിലുള്ള പാലം പൊളിച്ചുനീക്കണമെന്ന ജനങ്ങളുടെ പരാതിയിൽ നടപടികൾ സ്വീകരിച്ചില്ലെന്നും പരാമർശിച്ചിരുന്നു. കൂടാതെ ജനങ്ങളുടെ സുരക്ഷിതസഞ്ചാരത്തിന് തടസ്സം നില്ക്കുന്ന തരത്തിൽ അടുത്തുള്ള മതിൽ വിള്ളലുകൾ വീണതാണെന്ന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടെന്നും മതിലിനു മുകളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന പാലം പൊളിച്ചു നീക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിച്ചതിന്റെ വിവരം അറിയിക്കണമെന്നും പരാമർശത്തിൽ വ്യക്തമാക്കിയിരുന്നു. പ്രസ്തുത അനധികൃത നിർമ്മാണം നാളിതുവരെയും പൊളിച്ചു മാറ്റിയിട്ടില്ലെന്ന് ഓഡിറ്റിന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ സഹചര്യത്തിൽ ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിനൽകിയിട്ടില്ല. ജനങ്ങളുടെ സ്വത്തിനും, ജീവനും ഭീഷണിയുയർത്തുന്ന അനധികൃത നിർമ്മിതി ഉടനടി പൊളിച്ചുമാറ്റി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിലുള്ള വീഴ്ച മൂലമുണ്ടാകുന്ന അപകടങ്ങൾക്ക് സ്ഥാപനം ഉത്തരവാദിയാകുമെന്ന കാര്യം പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-15 വാർഷികകണക്കിലെ അപാകതകൾ .

ചോറോട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷികകണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1-വാർഷികകണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2-വാർഷികകണക്ക് പ്രകാരം തിരിച്ചടക്കാൻ അവശേഷിക്കുന്ന ലോൺ തുകയും ലോൺ ലഭ്യമാക്കിയ ചോറോട് സർവ്വീസ് സഹകരണ ബാങ്ക് കണക്കുകൾ പ്രകാരം തിരിച്ചടക്കാൻ അവശേഷിക്കുന്ന ലോൺ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3-കനറാബാങ്ക് ഓൺഫണ്ട് അക്കൗണ്ട് പ്രകാരം 31-3-2019 ന് മൂന്ന് മാസകാലാവധി കഴിഞ്ഞിട്ടും കളക്ഷൻ ആവാത്ത ചെക്ക് ഇനത്തിൽ 8083 രൂപയുണ്ട് ആയത് ബാലൻസ്ഷീറ്റിൽ ലയബിലിറ്റി ഇൻ റെസ്പെക്റ്റ് ഓഫ് സ്റ്റെയിൽ ചെക്ക് എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

4-ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഈ ഇനങ്ങൾക്കായി സൂക്ഷിച്ചുപോരുന്ന ട്രഷറി അക്കൗണ്ടിൽ നീക്കിയിരിപ്പായി കാണിച്ചിട്ടില്ല.

5-ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ പ്രകാരമുള്ള തുകയും ബി-16 ഷെഡ്യൂൾ പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

6-ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആകയാൽ ആസ്തികളുടെ മൂല്യം, നിർമ്മിക്കപ്പെട്ടവ ആസ്തിയായി വരവ് വെച്ചോ എന്നീ കാര്യങ്ങളിൽ വ്യക്തതയില്ല.

# ഭാഗം -2
# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം -3
# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 26.7.19, 27.7.19 | കെഎസ്എ.കെകെഡി/ ഇ2/887/2019(14) തി. 22.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 17374 | നെൽകൃഷിക്ക് കൂലി | 17374 | |
| | | 100000 | അംഗൻവാടി പൂരക പോഷകാഹാരം | 100000 | |
| | | 50000 | ബഡ്സ് സ്കൂൾ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | 6308 | 43692 |
| | | 832500 | ജെറിയാട്രിക്ക് ക്ലിനിക്ക് | | 832500 |

| | | | | | |
|---|---|---|---|---|---|
| | | 187500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 187500 | |
| | | 250000 | പാലിന് ഇൻസൻറീവ് വനിത | 250000 | |
| | | 250000 | പാലിന് ഇൻസൻറീവ് | 250000 | |
| | | 250000 | ഭിന്നശേഷിയുള്ളവർക്ക്സ്കോളർഷിപ്പ് | 250000 | |
| | | 1175106 | ലൈഫ് ഭവനപദ്ധതി | 1175106 | |
| ജില്ലാ പഞ്ചായത്ത് | | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | |
| | | 592475 | ലൈഫ് ഭവനപദ്ധതി | 592475 | |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | തെരുവു വിളക്ക് മീറ്റർ സ്ഥാപിക്കൽ | | 1994275 | | 1994275 |
| കെ എസ് ഇ ബി | തെരുവു വിളക്ക് മീറ്റർ സ്ഥാപിക്കൽ | | 47692 | - | 47692 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം വിവിധ മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് 1896875 രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്ത മുൻകൂറുകളുടെ വിവരം താഴെ കാണിക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് അക്രഡിറ്റഡ് ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി | ചട്ടച്ചിക്കുനി റോഡ് ടാറിംഗ് | 15/18-19 | 60000 | 0 | 60000 |
| 2 | | കെ.ടി ബസാർ സ്വാമിമഠംരയരങ്ങോത്ത് | 11/18-19 | 180000 | 0 | 180000 |
| 3 | | പൊതുവാള് കണ്ടിമുക്ക് മൊട്ടന്തറക്കുന്നുമ്മല് ലീഗ് | 22/18-19 | 128000 | 0 | 128000 |

| | | | | | | |
|---|---|---|---|---|---|---|
| | | ഓഫീസ് റോഡ് | | | | |
| 4 | | മേലാടിമീത്തൽ ഏറോത്ത് മുക്ക് റോഡ് ടാറിംഗ് | 34/18-19 | 60000 | 0 | 60000 |
| 5 | | കോട്ടയിൽമുക്ക് കക്കാട്ട് താഴെ റോഡ് | 28/18-19 | 122000 | 0 | 122000 |
| 6 | | ഉദയ അംഗൺവാടി കരിപ്പള്ളളിത്താഴെ റോഡ് | 14/18-19 | 75000 | 0 | 75000 |
| 7 | | എൻ.എച്ച് ടവർ റോഡ് റീടാറിംഗ് | 33/18-19 | 62000 | | 62000 |
| 8 | | കുറ്റിയിൽപ്പള്ളി യോഗീ മഠത്തിൽറോഡ് | 12/18-19 | 62000 | | 62000 |
| 9 | | വള്ളിക്കാട് രയരോത്ത് പാലം റോഡ് | 25/18-19 | 74000 | | 74000 |
| 10 | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി | പുത്തലത്ത് താഴെ ക്വാർട്ടേഴ്സ് പെരുമനവഴി താഴത്ത് മുക്ക് റോഡ് | | 212500 | | 212500 |
| 11 | | ജി.എഫ് .എൽ.പി സ്കൂൾ കുട്ടികൾക്ക് ടോയ്ലറ്റ് നിർമ്മാണം | 33/18-19 | 120000 | | 120000 |
| 12 | | ജെറിയാട്രിക്ക് ക്ളിനിക്ക് | 37/18-19 | 344600 | | 344600 |
| 13 | | ചോറോട് പി.എച്ച്.സി . കെട്ടിടം ഭൗതിക സാഹചര്യം മെച്ചപ്പെട്ടുത്തൽ | 42/18-19 | 172500 | | 172500 |
| 14 | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി | പി.എച്ച്.സി മുലയൂട്ടൽ കേന്ദ്രം | 43/18-19 | 120000 | | 120000 |
| 15 | | 75ാം നമ്പർ അംഗൺവാടി അറ്റകുറ്റപണി | 32/18-19 | 41775 | | 41775 |
| 16 | | 81ാം നമ്പർ അംഗൺവാടി അറ്റകുറ്റപണി | 33/17-18 | 62500 | | 62500 |
| ആകെ | | | | 1896875 | | 1896875 |

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചിട്ടുണ്ട്. വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന പദ്ധതി | 51613/DB/1/14/LSGD | | 7625360 | 200000 | 937835 | 7425360 |
| കെ.യു.ആർ.ഡി.എഫ്.സി ലോൺ | | | 2521925 | -- | -- | 2521925 |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| **വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം** | **28441262** |
| തൻവർഷം നിക്ഷേപിച്ച തുക | 2701919 |
| ആകെ | 31143181 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 31143181 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ചോറോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്-ചോറോട് FD 210/7-6-18 | 6639806 |
| ചോറോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്-ചോറോട് FD 214/7-6-18 | 6639806 |
| ചോറോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്-ചോറോട് FD 226/7-6-18 | 6575899 |
| ചോറോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്-ചോറോട് FD 228/7-6-18 | 4647864 |
| ചോറോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്-ചോറോട് FD 230/7-6-18 | 6639806 |
| ആകെ | 31143181 |

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
| 2001-02 | | 2003-04 മറ്റ് പരാമർശം | 11.4 | ചാത്താം കണ്ടി തെരു ശ്മശാനം റോഡ് | തീർപ്പാക്കാൻ അവശേഷിക്കുന്നു. |
| 2000-01 | | 2003-04 മറ്റ് പരാമർശം | 11.14 | മന്നത്താഴ ചെമ്മഞ്ചേരി റോഡ് | -ടി- |
| 2000-01 | | 2004-05 പൊതു പരാമർശം | 11.1.3.18 | നികുതി പിരിവ് അലംഭാവം | -ടി- |
| | | 2013-14 | 5.1.5.4 | പൊതു കിണറുകൾ സംരക്ഷിക്കപ്പെടുന്നില്ല | -ടി- |
| | | 2013-14 | 5.1.5.6 | ജലസ്രോതസ്സുകളിൽ കയ്യേറ്റം | -ടി- |
| | | 2013-14 | 5.1.5.11 | കുടിവെള്ള പദ്ധതി പ്രവർത്തനരഹിതം | -ടി- |
| 2014-15 | 2-2,2-3 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | -ടി- |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 158115078 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 88242268 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | ഇല്ല | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഇല്ല | |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1989-90, 90-91 | എൽ.എഫ്.കെ.കെ.ഡി/പി 5/559/10 തീയതി 15.07.2010 | 7 |
| 1991-92 | എൽ.എഫ്.കെ.കെ.ഡി/പി 5/560/10 | 8 |
| 1992-93,93-94 | എൽ.എഫ്.കെ.കെ.ഡി/എസ്2/ 1227/94 തീയതി 27.04.1995 | 7 |
| 1995-96 | എൽ.എഫ്.കെ.കെ.ഡി/പി 5/144/96 തീയതി 02.01.1997 | 2 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/പി 5/1170(3)/13തീയതി 23.08.2013 | 4<br>13, 33, 34, 37 |
| 2000-01 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി/പി 5/1170(6)/13തീയതി 23.08.2013 | 6<br>(9(1), 9(3), 10,11,12,13 |
| 2001-02 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി/പി 5/1170(8)/13തീയതി 23.08.2013 | 4<br>(7(1), 7(2), 8, 9(2) |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി 5/1170(9)/13തീയതി 23.08.2013 | 1<br>3(1) |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി 5/1170(10)/13തീയതി 23.08.2013 | 13<br>2(1),2(2),2(3),3(1),3(2),3(3), 3(4),3(7), 3(9),3(10), 3(12),3(13), 3(14) |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/എസ്1/1214/08 തീയതി 30.04.2009 | 13 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/എസ്1/1225/08 തീയതി 30.04.2009 | 9 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/എസ്1/706/09 തീയതി | 15 |

| | | |
|---|---|---|
| | 22.01.2010 | |
| | | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി 5/1195/11 തീയതി 12.10.2011 | 22 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി 5/781/12 തീയതി 12.06.2012 | 8 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി 5/782/12 തീയതി 12.06.2012 | 14 |
| 2010-11,2011-12 | എൽ.എഫ്.കെ.കെ.ഡി/പി 5/895/14 തീയതി 06.08.2014 | 12<br>2-2,2-7(2), 3-2,3-3,3-4, 3-6, 3-7, 3-8, 3-10, 3-14, 3-15, 3-16 |
| 2012-13,13-14 | കെ.എസ്.എ.കെ.കെ.ഡി/പി 5/858/15 തീയതി 03.08.2015 | 21 |
| 2014-15 | നം.കെ.എസ്.എ/കെ.കെ.ഡി/പി 6 /991 /2016 | 11 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി6/97/2017 | 29 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി6/1634/17 തീയതി 17.1.18 | 2-1,2-2,2-3,2-4, 3-1,3-2,3-3,3-4,3-5, 3-6, 3-8,3-9,3-10, 3-12, 3-13,3-14,3-15 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി പി15/303/2019 തീയ്യതി 23.3.19 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# അനുബന്ധം - 1
## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചോറോട് ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ (ഖണ്ഡിക 1-15 കാണുക) പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.**